# നീര പദ്ധതിയിൽനിന്ന് കേര കർഷകരെ ഒഴിവാക്കാൻ നീക്കം

**കോഴിക്കോട്:** നീര പദ്ധതിയിൽനിന്ന് കേര കർഷകരെ ഒഴിവാക്കാൻ നീക്കം. ആറു ലക്ഷം അംഗങ്ങളുള്ള കർഷക സൊസൈറ്റികളെ ഒഴിവാക്കി 25 കൊല്ലം മുമ്പ് അടച്ചുപൂട്ടിയ നാളികേര വികസന കോർപറേഷൻ വഴി പദ്ധതി നടപ്പാക്കാനാണ് കൃഷി വകുപ്പിൻെറ ശ്രമം. ഇതിനായി നാളികേര വികസന കോർപറേഷൻ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികളിലാണ് സർക്കാർ. പദ്ധതി അട്ടിമറിച്ച് വൻകിട കുടിവെള്ള വ്യവസായികളെ ഏൽപിക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമാണ് സർക്കാർ നീക്കമെന്ന് ആരോപണമുയർന്നിട്ടുണ്ട്.

തെങ്ങിൽനിന്ന് ലഹരി മുക്ത ശീതളപാനീയം ഉൽപാദിപ്പിക്കാനുള്ളതാണ് സർക്കാറിൻെറ സ്വപ്ന പദ്ധതിയായ നീര. കർഷകന് ഒരു തെങ്ങ് വിട്ടുകൊടുത്താൽ 1500 രൂപവരെ വരുമാനം കിട്ടുമെന്നാണ് കണക്കാക്കിയത്. പദ്ധതി പ്രഖ്യാപിച്ചശേഷം 2011 മുതൽ നാളികേര വികസന ബോർഡ് നടത്തിയ നിരന്തര പരിശ്രമങ്ങളുടെ ഫലമായാണ് സർക്കാറിൻെറ സ്വപ്ന പദ്ധതിയായ നീര ഉൽപാദിപ്പിക്കാനുള്ള സാങ്കേതിക തടസ്സങ്ങൾ കുറേയെങ്കിലും നീങ്ങിയത്. കഴിഞ്ഞ ഫെബ്രുവരി14ന് ഏഴ് ഏജൻസികൾക്ക് നീര ചെത്താൻ ലൈസൻസ് അനുവദിച്ച് സർക്കാർ ഉത്തരവിട്ടു. കാർഷിക സർവകലാശാലയും നാളികേര വികസന കോർപറേഷനും ഇതിൽ ഉൾപ്പെടുന്നുണ്ട്.

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ നാളികേര ബോർഡാണ് മൂന്നു വർഷം കൊണ്ട് സൊസൈറ്റികൾ രൂപവത്കരിച്ചത്. സൊസൈറ്റികൾ ചേർത്ത് ഫെഡറേഷനും ഫെഡറേഷനുകൾ ചേർത്ത് 12 പ്രൊഡ്യൂസർ കമ്പനികളും ഉണ്ടാക്കി. എന്നാൽ നീരക്കായി ബജറ്റിൽ പ്രഖ്യാപിച്ച 15 കോടിയിൽ ഒരു രൂപ പോലും കർഷക കമ്പനികൾക്ക് നൽകിയിട്ടില്ല. നീര ഉൽപാദനവും സംസ്കരണവും എന്ന ലക്ഷ്യവുമായി സംസ്ഥാനത്തിപ്പോൾ 5750 നാളികേര കർഷക സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഒരു നീര പ്ലാൻറിന് അഞ്ച് കോടി രൂപയോളം ചെലവാകും.

12 കർഷക കമ്പനികളും കഴിഞ്ഞ മാർച്ച് മാസത്തിൽ തന്നെ സാമ്പത്തിക സഹായത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് കൃഷിവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ ഫയലുകൾ വകുപ്പ് മന്ത്രിയുടെ ഓഫിസിൽ തന്നെ കിടക്കുകയാണ്. ഇതിനിടെയാണ് 25 വർഷം മുമ്പ് അടച്ചുപൂട്ടിയ നാളികേര വികസന കോർപറേഷനെ പെട്ടെന്ന് പുനരുജ്ജീവിപ്പിക്കുന്നത്. അവർ ഉടൻ തന്നെ നീര പദ്ധതിയും പ്രഖ്യാപിച്ചു.

നീരയുമായി ബന്ധപ്പെട്ട് ഒരു മുന്നൊരുക്കവും നടത്തിയിട്ടില്ലാത്ത നാളികേര വികസന കോർപറേഷൻ കോഴിക്കോട് എലത്തൂരിൽ ഒരു പ്ലാൻറിന് തറക്കല്ലിടുകയും ചെയ്തു. നീരക്കായി പ്രഖ്യാപിച്ച 15 കോടി ഇപ്പോൾ കോർപറേഷൻ വഴി ചെലവഴിക്കാനാണ് കൃഷി വകുപ്പിൻെറ നീക്കം. മൂന്നു വർഷം കൊണ്ട് നീരക്കായി ശാസ്ത്രീയ ക്രമീകരണങ്ങൾ ഉണ്ടാക്കിയ കർഷക സൊസൈറ്റികളുടെ പ്രവർത്തനം ഇതോടെ നിഷ്ഫലമായി.

കർഷക ഫെഡറേഷനുകൾക്ക് പണം നൽകാൻ ധനവകുപ്പിൻെറ വർക്കിങ് ഗ്രൂപ് യോഗം നേരത്തേ തീരുമാനിച്ചതാണ്. എന്നാൽ കൃഷിവകുപ്പ് ഇടപെട്ടാണ് ഇത് തടഞ്ഞത്. നീര പദ്ധതിക്കായുള്ള 15 കോടിയുടെ ബജറ്റ് വിഹിതം എങ്ങനെ ചെലവഴിക്കണമെന്ന് നിശ്ചയിക്കാൻ കഴിഞ്ഞ ജൂൺ 30 നാണ് ധനവകുപ്പിൻെറ വർക്കിങ് ഗ്രൂപ് യോഗം ചേർന്നത്. കർഷക ഫെഡറേഷനുകൾ നീര പദ്ധതിക്കായി സ്ഥാപിക്കുന്ന പ്ലാൻറുകൾക്ക് സാമ്പത്തിക സഹായം നൽകാൻ അഡീഷനൽ ചീഫ് സെക്രട്ടറി അധ്യക്ഷനായ വർക്കിങ് ഗ്രൂപ് തീരുമാനിച്ചു. പദ്ധതി ചെലവിൻെറ 25 ശതമാനമാണ് സഹായമായി നിശ്ചയിച്ചത്. പരമാവധി ഒരു കോടി രൂപയായും നിശ്ചയിച്ചു. വർക്കിങ് ഗ്രൂപ് യോഗം കഴിഞ്ഞ് രണ്ടു മാസമായിട്ടും യോഗത്തിൻെറ മിനുട്സ് പോലും തയാറാക്കിയിട്ടില്ല. നീര പദ്ധതിക്കായുള്ള ബജറ്റ് വിഹിതം നാളികേര വികസന കോർപറേഷന് മാത്രമേ നൽകൂവെന്ന നിലപാടിലാണ് കൃഷി വകുപ്പ്.